रा.इ.सू.प्रौ.सं NIELIT

राष्ट्रीय इलेक्ट्रॉनिकी एवं सूचना प्रौद्योगिकी संस्थान

NATIONAL INSTITUTE OF ELECTRONICS AND INFORMATION TECHNOLOGY

(आई एस ओ 9001:2008 प्रमाणित) (ISO 9001:2008 CERTIFIED)

(इलेक्ट्रॉनिकी और सूचना प्रौद्योगिकी मंत्रालय, भारत सरकार की एक स्वायत्त वैज्ञानिक संस्था)

(Autonomous Scientific Society of Ministry of Electronics and Information Technology, Government of India)

पी.बी. नं. 5, एन.आई.टी. कैम्पस पोस्ट, कालिकट - 673601, केरल, भारत P.B. No. 5, NIT Campus Post, CALICUT - 673 601, KERALA, INDIA

Phone : (0495) 2287266, Fax : (0495) 2287168, Web : http://nielit.gov.in/calicut

തിയ്യതി: 22-10-2025

നമ്പർ : 5(120) /2018/UFR

## ക്വട്ടേഷൻ നോട്ടീസ്

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി (NIELIT Calicut)** കാമ്പസ്സുകളിലെ (Campus I & II) ഫലവൃക്ഷങ്ങളിൽ നിന്നും **01-11-2025** മുതൽ **31-10-2027** വരെയുള്ള **24** മാസകാലത്തേക്ക് മേലനുഭവങ്ങൾ എടുക്കുന്നതിനുള്ള അവകാശത്തിനായി സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. നിശ്ചിത ഫോറത്തിലുള്ള ക്വട്ടേഷനുകൾ **31-10-2025** ഉച്ചക്ക് 1.00 മണി വരെ സ്വീകരിക്കുന്നതും, സ്വീകരിച്ച ക്വട്ടേഷനുകൾ **31-10-2025** ഉച്ചക്ക് 2.00 മണിക്ക് അപ്പോൾ സന്നിഹിതരായവരുടെ മുന്നിൽ വച്ച് തുറക്കുന്നതുമാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി Rs.**3000/-** (മൂവായിരം) രൂപ, എൻ ഐ ഇ എൽ ഐ ടി, കാലിക്കറ്റ് (NIELIT, Calicut) ഓഫീസിൻെറ അക്കൗണ്ടിൽ കെട്ടിവെച്ച രസീതിയോ, അല്ലെങ്കിൽ **ഡയരക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി കാലിക്കറ്റ് (Director, NIELIT Calicut)** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (S.B.I) എൻ.ഐ.ടി കാലിക്കറ്റ് ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റോ അടക്കം ചെയ്തിരിക്കണം. ക്വട്ടേഷൻ സമ്പന്ധിച്ച കൂടുതൽ വിവരങ്ങൾക്കും ക്വട്ടേഷൻ ഫോറത്തിനും പ്രവർത്തി ദിവസങ്ങളിൽ എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റ് ഓഫീസിൽ അന്വേഷിക്കുക.

നിർദ്ദിഷ്ട ഫോറത്തിലല്ലാത്തതും നിരതദ്രവ്യം ഇല്ലാത്തതുമായ ക്വട്ടേഷനുകൾ നിരാകരിക്കുന്നതാണ്.

എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റിനു വേണ്ടി

**മെയിൻെറനൻസ് ഇൻ ചാർജ് (സിവിൽ)**

# ക്വട്ടേഷൻ ഫോറം

നമ്പർ : 5(120) / 2018 / UFR

തിയ്യതി : 22-10-2025

| ക്രമ നമ്പർ | വിവരണം | എണ്ണം | തുക | |
|---|---|---|---|---|
| | | | അക്കത്തിൽ | അക്ഷരത്തിൽ |
| 1 | തെങ്ങ് | 250 | | |
| 2 | പ്ലാവ് | 49 | | |
| 3 | മാവ് | 45 | | |
| 4 | കശുമാവ് | 220 | | |
| 5 | കവുങ്ങ് (അടക്കാമരം) | 07 | | |
| 6 | പുളിമരം | 10 | | |
| 7 | കുരുമുളക് | 52 | | |
| 8 | പത്തിമരം | 02 | | |
| ആകെ തുക (എല്ലാ നികുതികളും അടക്കം) | | | | |

JE Civil

❖ ക്വട്ടേഷൻ സമർപ്പിക്കുന്നതിനു മുൻപു പാർട്ടി വിവരണങ്ങളുടെ നിജസ്ഥിതി നേരിട്ട് കണ്ടു മനസ്സിലാക്കേണ്ടതാണ്

എൻ ഐ ഇ എൽ ഐ ടി കാലിക്കറ്റിനു വേണ്ടി

മെയിൻെറനൻസ് ഇൻചാർജ് (സിവിൽ)

കോട്ട് ചെയ്യുന്ന ആളിൻെറ
പേര്, ഒപ്പ്, വിലാസം, ഫോൺ നമ്പർ

തിയതി :

# ക്വട്ടേഷൻ നിബന്ധനകൾ

നമ്പർ : 5(120) / 2018 / UFR                                                                 തിയ്യതി : 22-10-2025

1. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി കാലിക്കറ്റ് (NIELIT Calicut) 25ഏക്കർ കാമ്പസിലുള്ള (കാമ്പസ് – 1, കാമ്പസ് – 2) ഫലവൃക്ഷങ്ങളിൽ നിന്നും മേലനുഭവങ്ങൾ എടുക്കുന്നതിന് 2025, November 1, ാം (**2025, November 1**) തിയതി മുതൽ 2027, October 31, ാം (**2027, October 31**) തിയതി വരെയുള്ള **24** മാസകാലത്തേക്കാണ് കാലാവധി നിശ്ചയിചിരിക്കുന്നത്

2. ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി Rs.**3000/-** ( മൂവായിരം രൂപ) എൻ.ഐ.ഇ.എൽ.ഐ.ടി ഓഫീസിൻെറ **10401158037** (S.B.I, NITC Branch) എന്ന അക്കൗണ്ടിൽ കെട്ടിവെച്ച രസീതോ അല്ലെങ്കിൽ ഡയരക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി കാലിക്കറ്റ് (Director, NIELIT Calicut) എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (S.B.I) എൻ.ഐ.ടി, കാലിക്കറ്റ് ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റോ അടക്കം ചെയ്തിരിക്കണം

3. സീൽ ചെയ്ത ക്വട്ടേഷനുകൾ ഡയരക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി കാലിക്കറ്റ്, എൻ.ഐ.ടി കാലിക്കറ്റ് (പോസ്റ്റ്), 673601 (DIRECTOR, National Institute of Electronics and Information Technology, Calicut, NIT Calicut (P.O) 673601) എന്ന വിലാസത്തിൽ നേരിട്ടൊ തപാൽ മാർഗമോ **31-10-2025** ന് 1.00 മണിക്ക് മുൻപായി എൻ.ഐ.ഇ.എൽ.ഐ.ടി കോഴിക്കോട് ഓഫീസിൽ ലഭിച്ചിരിക്കണം. സ്വീകരിച്ച ക്വട്ടേഷനുകൾ **31-10-2025** ഉച്ചക്ക് 2.00 മണിക്ക് അപ്പോൾ സന്നിഹിതരായവരുടെ മുന്നിൽ വച്ച് തുറക്കുന്നതുമാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്നതോ, നിരതദ്രവ്യം അടക്കം ചെയ്യാത്തതോ ആയ ക്വട്ടേഷനുകൾ നിരാകരിക്കുന്നതാണ്.

4. ക്വട്ടേഷനിൽ പരാജിതരായ കരാറുകാർക്ക് യാതൊരുവിധ പലിശയും കൂടാതെ നിരതദ്രവ്യം തിരികെ നൽകുന്നതായിരിക്കും

5. എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റ് ജീവനക്കാരെ യാതൊരു കാരണവശാലും ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

6. ക്വട്ടേഷൻ തുറന്ന ഉടനെ ക്വട്ടേഷൻ ലഭിച്ച വ്യക്തി ലേലത്തുകയുടെ **25%** എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റ് (NIELIT Calicut) ഓഫീസിൽ അടക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പണം അടാക്കത്തപക്ഷം കരാറുകാരൻെറ നിരതദ്രവ്യം എൻ.ഐ.ഇ.എൽ.ഐ.ടി ഓഫീസിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും

7. ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക/വില കാണിച്ചിരിക്കുന്ന വ്യക്തിക്ക് ടെണ്ടർ ഉറപ്പിക്കുന്നതും ടെണ്ടർ സ്ഥിരപ്പെടുത്തിയ ഓർഡർ കിട്ടി 07 ദിവസത്തിനുള്ളിൽ ലേലത്തുകയുടെ മൂന്നിൽ ഒരു ഭാഗം എൻ.ഐ.ഇ.എൽ.ഐ.ടി ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക രണ്ടു ഗഡുക്കളായി, ഒന്നാം ഗഡു 31-05-2026 നോ അതിനുമുൻപോ, രണ്ടാംഗഡു 31-10-2026 നോ അതിനുമുൻപോ അടക്കേണ്ടതുമാണ്.

8. തവണ വ്യവസ്ഥയിൽ ലേലത്തുക നിശ്ചിത സമയപരിധിക്കുള്ളിൽ അടക്കേണ്ടതും വീഴ്ച്ച വരുത്തുന്ന പക്ഷം 24% (ഇരുപത്തിനാല് ശതമാനം) പലിശ പിഴയായി ഈടാക്കുന്നതുമാണ്.

9. ക്വട്ടേഷൻ വിളിച്ചെടുത്ത വ്യക്തി, **100/-** രൂപയുടെ മുദ്രകടലാസിൽ സെൻെർ തയ്യാറാക്കുന്ന വിശദമായ നിബന്ധനകൾ അടങ്ങിയ കരാർ എഴുതി ഒപ്പിടേണ്ടതാണ്. കരാറിൻെറ ചിലവുകൾ ക്വട്ടേഷൻ വിളിച്ചെടുത്ത വ്യക്തി വഹിക്കേണ്ടതാണ്. നിശ്ചിത കരാർ എഴുതി ഒപ്പിട്ട ശേഷം മാത്രമേ മേലനുഭവങ്ങൾ എടുക്കുന്നതിന് അനുവദിക്കുകയുള്ളൂ.

10. 2026 ജൂലൈ മാസം 15ാം തിയതിക്ക് (2026, July 15) മുൻപ് സെൻെർ നിർദേശിച്ച അളവിൽ തെങ്ങിനു വളം ഇടേണ്ടതാണ്. 3 മീറ്റർ വ്യാസത്തിൽ 1 അടി ആഴത്തിൽ തെങ്ങിനു തടമെടുത്ത ശേഷം 4 കിലോഗ്രാം (4 Kg) കോക്കനട്ട് മിക്സ്ച്ചറും സെൻററിൻെറ നിർദേശപ്രകാരമുള്ള പച്ചിലവളവും ചേർത്ത് മണ്ണിട്ട് മൂടേണ്ടതാണ്. പച്ചിലവളത്തിനാവിശ്യമായ പച്ചില സെൻെർ അധികാരികളുടെ മേൽനോട്ടത്തിൽ സെൻററിൻെറ കാമ്പസ്സുകളിൽ നിന്നു തന്നെ വെട്ടിയെടുക്കാവുന്നതാണ്. സെൻെർ നിർദേശിച്ച അളവിൽ വളം ചേർക്കാത്തപക്ഷം സെപ്റ്റംബർ മാസം മുതൽ മേലനുഭവങ്ങൾ എടുക്കുന്നതിനു യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല

11. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി കാലിക്കറ്റ് (NIELIT Calicut) 15.34 ഏക്കർ വിസ്ത്രൃതി ഉള്ള കാമ്പസ് – 2 ലെ (Campus - 2) അടിയന്തരഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി നിർമിച്ചിട്ടുള്ള് റോഡും (12 അടി വീതി),കുറ്റിച്ചെടികളും പുല്ലും കാടുകളും, മുഴുവനായി വർഷത്തിൽ 02 തവണ എന്ന കണക്കിൽ (December, March ) വൃത്തിയാക്കേണ്ടതും തുടർന്ന് അത് നിജസ്ഥിതിയിൽ കൊണ്ടുപോകേണ്ടതും കരാറുകാരൻെറ ഉത്തരവാദിത്തമാണ്. സെൻറർ നിർദേശിച്ച കാലാവധിയിൽ കാടുകൾ വൃത്തിയാക്കാത്തപക്ഷം ജനുവരി മാസം മുതൽ മേലനുഭവങ്ങൾ എടുക്കുന്നതിനു യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

12. ക്വട്ടേഷൻ വിളിച്ചെടുത്ത വ്യക്തിക്ക് പുറമെ വേറെ ആരേയും ടെണ്ടർ വിളിച്ചെടുത്ത സ്ഥലത്തേക്ക് ഡയരക്ടറുടെ അനുവാദം കൂടാതെ പ്രവേശിക്കാൻ അനുവദിക്കുന്നതല്ല

13. മേലനുഭവങ്ങൾ ഓഫീസിന്റെ പ്രവർത്തിദിവസങ്ങളിൽ മാത്രമേ എടുക്കുവാൻ പറ്റുകയുള്ളൂ. കൂടാതെ ഇവ കളവു പോകാതെ സൂക്ഷിക്കേണ്ടത് ടെണ്ടറുകാരൻെറ കടമയാണ്. അതിൽ എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റിന് യാതൊരുവിധ ഉത്തരവാദിത്തവും ഉണ്ടായിക്കുന്നതല്ല. ടെണ്ടറുകാരൻ കാവലിനു ആളെ നിയമിക്കുന്നുണ്ടെങ്കിൽ അവരുടെ പേരുവിവരങ്ങൾ വിശദമായി സെൻെറർ അധികൃതരെ മുൻകൂട്ടി അറിയിക്കേണ്ടതും ആവിശ്യമായ പാസ്സുകൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. പാസ്സില്ലാതെ ആരെയും എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റ് കാമ്പസിൽ പ്രവേശിപ്പിക്കൻ അനുവദിക്കുന്നതല്ല.

14. ക്വട്ടേഷൻ വിളിച്ചെടുത്ത സ്ഥലങ്ങളിൽ നിന്നും കരാറുകാരന് യാതൊരു മരങ്ങളും മുറിച്ചു വിൽക്കുവാനോ തെങ്ങ്, പന എന്നിവയിൽ നിന്നും ഓല വെട്ടിയെടുക്കുവനോ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. ഓഫീസ് കെട്ടിട നിർമ്മാണാവിശ്യാർത്ഥമോ മറ്റ് ആവിശ്യങ്ങൾക്കോ വേണ്ടി ഫലവൃക്ഷങ്ങൾ മുറിക്കേണ്ടിവന്നാൽ, അതിനി തെങ്ങായാൽ പോലും, കരാറുകാരന് യാതൊരു മുന്നറിയിപ്പും നൽകാതെ തന്നെ എൻ.ഐ.ഇ.എൽ.ഐ.ടി അധികൃതർക്ക് മുറിച്ചുമറ്റനുള്ള അധികാരം ഉണ്ടായിരിക്കുന്നതുതുമാണ്. കരാറുകാരന് അതിനെ ചോദ്യം ചെയ്യാൻ യാതൊരു അധികാരവും ഉണ്ടായിരിക്കുന്നതല്ല.

15. എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റ് കെട്ടിടങ്ങളുടെ പരിസരങ്ങളിലുള്ള മാവ്, തെങ്ങ്, പ്ലാവ് മുതലായ ഫലവൃക്ഷങ്ങളിൽ നിന്നുള്ള ഫലങ്ങൾ കെട്ടിടങ്ങൾക്ക് മുകളിൽ വീണു നാശനഷ്ടങ്ങൽ ഉണ്ടാകുന്നതിനു സാധ്യത ഉള്ളവയാണെങ്കിൽ അവ പാകമായില്ലെങ്കിൽ പോലും പരിപൂർണ്ണമായി നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റ് സ്വന്തം ചിലവിൽ നീക്കം ചെയ്യുന്നതും അതിലേക്ക് വേണ്ടിവരുന്ന ചിലവുകൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

16. കരാറുകാരന് വസ്തുക്കളിൽ അവർക്കുള്ള അവകാങ്ങശളും ബാധ്യതകളും അവസാനിപ്പിച്ച ശേഷം മാത്രമേ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകുകയുള്ളൂ

17. ക്വട്ടേഷൻ നിശ്ചയിച്ച ദിവസം എന്തെങ്കിലും കാരണാവശാൽ ഓഫീസിനു അവധിയാകുകയാണെങ്കിൽ അടുത്ത് പ്രവൃത്തി ദിവസം 1.00 മണി വരെ ക്വട്ടേഷൻ സ്വീകരിക്കുന്നതാണ്.

18. ക്വട്ടേഷൻ സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും അവസാന തീരുമാനം എടുക്കുവാനുള്ള അവകാശം എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റ് ഡയരക്ടറിൽ നിക്ഷിപ്പമായിരിക്കും. അതിനെ ചോദ്യം ചെയ്യാൻ ആർക്കും അധികാരം ഉണ്ടായിരിക്കുന്നതല്ല.

19. സർക്കാർ നിയമ പ്രകാരമുള്ള എല്ലാ നികുതികളും അടക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റിനു വേണ്ടി,

**മെയിൻെറനൻസ് ഇൻ ചാർജ് (സിവിൽ)**

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ
നിബന്ധനകളും സ്വീകാര്യമാണ്

ക്വോട്ട് ചെയ്യുന്ന ആളിൻെറ
പേര്, ഒപ്പ്